ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.06.2024**

## പ്രധാനവാർത്തകൾ

RNU TVPM

1. ലോക്സഭാ തിരെഞ്ഞെടുപ്പിൽ എൻ ഡി എ കേവലഭൂരിപക്ഷത്തിലേയ്ക്ക് ; ശക്തമായ പോരാട്ടം കാഴ്ചവെച്ച് ഐ എൻ ഡി ഐ സഖ്യം ; പ്രധാനമന്ത്രി നരേന്ദ്രമോദി വാരണാസിയിൽ മുന്നിൽ ; രാഹുൽ ഗാന്ധിക്ക് റായ്ബറേലിയിലും വയനാട്ടിലും ലീഡ്.

2. കേന്ദ്ര മന്ത്രിമാരായ അമിത് ഷാ ഗാന്ധിനഗറിലും രാജ് നാഥ് സിംഗ് ലക്നൌവിലും നിധിൻ ഗഡ്കരി നാഗ്പൂരിലും മുന്നിൽ ; അമേഠിയിൽ സ്മൃതി ഇറാനി പിന്നിൽ. കനൗജിൽ അഖിലേഷ് യാദവിനും ബാരാമതിയിൽ സുപ്രിയ സുലെയ്ക്കും ലീഡ്.

3. കേരളത്തിൽ 17 മണ്ഡലങ്ങളിൽ യുഡിഎഫ് മുന്നേറ്റം. ഒരിടത്ത് എൽ ഡി എഫും രണ്ടിടത്ത് എൻ ഡി എയും ആലത്തൂരിൽ കെ രാധാകൃഷ്ണനും വടകരയിൽ ഷാഫി പറമ്പിലും മുന്നിൽ ; തൃശ്ശൂരിൽ ചരിത്രം കുറിക്കാനൊരുങ്ങി സുരേഷ് ഗോപി; തിരുവനന്തപുരത്ത് ലീഡ് പിടിച്ച് രാജീവ് ചന്ദ്രശേഖർ

4. കഴിഞ്ഞ തവണ നഷ്ടമായ ആലപ്പുഴ തിരിച്ചുപിടിക്കാനൊരുങ്ങി യുഡിഎഫ് ; കോട്ടയത്ത് കേരള കോൺഗ്രസ് ജോസഫ് വിഭാഗം സ്ഥാനാർഥി ഫ്രാൻസിസ് ജോർജ് മുന്നിൽ.

5. നിയമസഭ തിരെഞ്ഞെടുപ്പ് നടന്ന ഒഡിഷയിലും ആന്ധ്രാപ്രദേശിലും പ്രതിപക്ഷ കക്ഷികൾക്ക് മുന്നേറ്റം ; ഒഡിഷയിൽ ബി ജെ പിയും ആന്ധ്രയിൽ ടി ഡി പി യും മുന്നിൽ.

*****************************************

## ദേശീയം

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ശക്തമായ പോരാട്ടം കാഴ്ചവെച്ച ഐ എൻ ഡി ഐ സഖ്യത്തെ പിന്തള്ളി എൻ ഡി എ കേവലഭൂരിപക്ഷത്തിലേയ്ക്ക് അടുക്കുകയാണ്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം എൻഡിഎ 292 സീറ്റിലും ഐ.എൻ.ഡി.ഐ സഖ്യം 232 സീറ്റിലും മറ്റുള്ളവർ 22 ഇടത്തും മുന്നേറുന്നു.

*****************************************

## കേന്ദ്രമന്ത്രിമാർ - ലീഡ് നില

പ്രധാനമന്ത്രിയും മുതിർന്ന ബിജെ പി നേതാവുമായി നരേന്ദ്രമോദി ഉത്തർപ്രദേശിലെ വാരാണസിയിൽ ലീഡ് ചെയ്യുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഗുജറാത്തിലെ ഗാന്ധിനഗറിലും കേന്ദ്രമന്ത്രി രാജ് നാഥ് സിംഗ് ഉത്തർപ്രദേശിലെ ലക്നൌവിലും ലീഡ് ചെയ്യുന്നു. കേന്ദ്രമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ ഹിമാചൽ പ്രദേശിലെ ഹാമിർപൂർ ലോക്സഭാ മണ്ഡലത്തിൽ ലീഡ് തുടരുന്നു. കേന്ദ്രമന്ത്രി ഭൂപേന്ദ്രയാദവ് രാജസ്ഥാനിലെ ആൽവാറിൽ മുന്നിട്ട് നിൽക്കുന്നു. കേന്ദ്രമന്ത്രിമാരായ നിധിൻ ഗഡ്കരി, മഹാരാഷ്ട്രയിലെ നാഗ്പൂരിലും ധർമ്മേന്ദ്ര പ്രധാൻ ഒഡീഷയിലെ സമ്പൽപൂരിലും ലീഡ് നിലനിർത്തുന്നു. കേന്ദ്രമന്ത്രി ജി കിഷൻ റെഡ്ഡി തെലങ്കാനയിലെ സെക്കന്തരാബാദിലും ഗജേന്ദ്രസിംഗ് ഷെഖാവത് രാജസ്ഥാനിലെ ജോദ് പൂരിലും , ജ്യോതിരാതിദ്യ സിന്ധ്യ മധ്യപ്രദേശിലെ ഗുനയിലും ലീഡ് ചെയ്യുന്നു. ലോക്സഭാ സ്പീക്കർ ഓംബിർല രാജസ്ഥാനിലെ കോട്ടയിൽ മുന്നിലാണ്. അതേസമയം, കേന്ദ്രമന്ത്രി സ്മൃതി ഇറാനി ഉത്തർപ്രദേശിലെ അമേഠിയിലും

PRD TVPM

കേന്ദ്രമന്ത്രി അർജുൻ മുണ്ട ഝാർഖണ്ഡിലെ ഖുംണ്ഡിയിലും പിന്നിലാണ്.

**********************************

## നാഷണൽ സ്ഥാനാർത്ഥി

മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മത്സരിക്കുന്ന വയനാട്ടിലും റായ്ബറേലിയിലും മുന്നിലാണ്. ഹരിയാനയിൽ ആം ആദ്മി നേതാവ് സുശീൽ കുമാർ ഗുപ്ത കുരുക്ഷേത്രയിലും ഹിമാചൽ പ്രദേശിലെ മണ്ഡിയിൽ കോൺഗ്രസ് നേതാവ് വിക്രമാദിത്യ സിംഗ് പിന്നിലാണ്. മധ്യപ്രദേശിലെ രാജ്ഘട്ടിൽ ദിഗ് വിജയ് സിംഗ് പിന്നിലാണ്. മഹാരാഷ്ട്രയിൽ എൻ സി പി ശരദ് പവാർ പക്ഷം സ്ഥാനാർഥി സുപ്രിയ സുലെ മുന്നിട്ടു നിൽക്കുന്നു. പഞ്ചാബിൽ കോൺഗ്രസ് സ്ഥാനാർഥി ചരൺജിത് സിംഗും തമിഴ്നാട്ടിൽ ഡി എം കെ സ്ഥാനാർഥികളായ കനിമൊഴി കരുണാനിധിയും ദയാനിധിമാരനും സിപിഐ സ്ഥാനാർഥി എ രാജയും മുന്നിലാണ്. ഉത്തർപ്രദേശിൽ സമാജ് വാദി പാർട്ടി സ്ഥാനാർഥികളായ അഖിലേഷ് യാദവും ഡിംപിൽ യാദവും മുന്നിട്ടു നിൽക്കുന്നു. ഉത്തർപ്രദേശിൽ ഡാനിഷ് അലി മുന്നിലാണ്. പശ്ചിമ ബംഗാളിലെ കൃഷ്ണ നഗറിൽ നിന്ന് മഹുവ മൊഹ്ത്ര ലീഡ് ചെയ്യുന്നു. ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് പാർട്ടി നേതാവ് ഒമർ അബ്ദുള്ള പിന്നിലാണ്.

**********************************

## കേരളം - ജനറൽ

കേരളത്തിൽ 16 മണ്ഡലങ്ങളിൽ യുഡിഎഫ് മുന്നേറ്റം. ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ 20 മണ്ഡലങ്ങളിൽ ഒരിടത്ത് എൽ ഡി എഫും രണ്ടിടത്ത് എൻ ഡി എയും മുന്നേറുന്നു.

PNU TVPM

***************************************

## കേരളം - തിരഞ്ഞെടുപ്പ് (1)

**കൊല്ലത്ത്** യു ഡി എഫ് സ്ഥാനാർത്ഥി എൻ.കെ പ്രേമചന്ദ്രൻ 57,000-ൽപ്പരം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019 ൽ യുഡിഎഫിന്റെ എൻ.കെ പ്രേമചന്ദ്രൻ 1,48,856 വോട്ടുകൾകകാണ് വിജയിച്ചത്. **ആലപ്പുഴ** യിൽ യു ഡി എഫ് സ്ഥാനാർത്ഥി കെ സി വേണുഗോപാൽ 37,000-ത്തോളം വോട്ടുൾക്ക് ലീഡ് ചെയ്യുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സിപിഎം വിജയിച്ച ഏക സീറ്റാണ് ആലപ്പുഴ. 10,474 വോട്ടിനാണ് എ. എം ആരിഫ് ഇവിടെ ജയിച്ചത്.

***************************************

## തിരുവനന്തപുരം ... ഇൻട്രോ

RNUTVPM

രണ്ട് കേന്ദ്ര മന്ത്രിമാരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ മണ്ഡലമാണ് തിരുവനന്തപുരവും ആറ്റിങ്ങലും. അതിശക്തമായ ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം മണ്ഡലത്തിൽ ലീഡ് നില മാറി മറിയുകയാണ്.

**ഇരു മണ്ഡലങ്ങളിലേയും വിശേഷങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ചേരുന്നു. രജു തിരുവനന്തപുരത്തേയും ആറ്റിങ്ങലിലേയും ലീഡ് നില വിശദീകരിക്കാമോ?**

(വോയ്സ്)

***************************************

## കേരളം - തിരഞ്ഞെടുപ്പ് (2)

**മാവേലിക്കര**യിൽ കൊടിക്കുന്നിൽ സുരേഷ് മുന്നിലാണ്. 2019ൽ യുഡിഎഫിന്റെ കൊടിക്കുന്നിൽ സുരേഷ് 61,138 വോട്ടിന്റെ ഭൂരിപക്ഷം നേടി വിജയിച്ച മണ്ഡലമാണിത്.

**പത്തനംതിട്ട**യിൽ യു ഡി എഫിന്റെ ആന്റോ ആന്റണി 20,000-ലധികം വോട്ടുകൾക്ക് മുന്നിട്ട് നിൽക്കുന്നു. 2019ൽ യുഡിഎഫിന്റെ ആന്റോ ആന്റണി 44,243 വോട്ടുകൾക്ക് ജയിച്ചിരുന്നു. മുതിർന്ന കോൺഗ്രസ് നേതാവ് എ. കെ. ആന്റണിയുടെ മകൻ അനിൽ ആന്റണി ആണ് ഇവിടെ ബിജെപി സ്ഥാനാർഥി എന്നത് ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു.

************************************

## കേരളം - തിരഞ്ഞെടുപ്പ് (3)

RNU TVPM

രണ്ട് കേരള കോൺഗ്രസുകാർ നേർക്കുനേർ ഏറ്റുമുട്ടുന്ന **കോട്ടയത്ത്** ജോസഫ് വിഭാഗം നേതാവ് ഫ്രാൻസിസ് ജോർജ് 45,000-ത്തോളം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019ൽ യുഡിഎഫ് സീറ്റിൽ മത്സരിച്ച തോമസ് ചാഴികാടൻ 1,06,259 വോട്ടുകൾക്കാണ് ഇവിടെ ജയിച്ചത്. ഇത്തവണ എൽഡിഎഫ് സ്ഥാനാർത്ഥി ആയാണ് ചാഴികാടൻ മത്സരിക്കുന്നത്.

**ഇടുക്കിയിൽ** യു ഡി എഫ് സ്ഥാനാർത്ഥി ഡീൻ കുര്യാക്കോസ് 84,000-ലധികം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019ൽ യുഡിഎഫിന്റെ ഡീൻ കുര്യാക്കോസ് 1,71,053 വോട്ടുകളുടെ ഭൂരിപക്ഷം നേടിയിരുന്നു.

**ചാലക്കുടി**യിൽ യുഡിഎഫിന്റെ ബെന്നി ബെഹനാൻ 22,000-ത്തോളം വോട്ടുകൾക്ക് മുന്നിട്ട് നില്ക്കുന്നു. 2019ൽ യുഡിഎഫിന്റെ ബെന്നി ബെഹനാൻ 1,32,274 വോട്ടുകൾക്കാണ് ജയിച്ചത്.

************************************

## വയനാട് - ഇൻട്രോ

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ സാന്നിധ്യം കൊണ്ട് രാഷ്ട്രീയ ശ്രദ്ധ ആകർഷിച്ച മണ്ഡലമാണ് വയനാട്. മണ്ഡലത്തിലെ ഏറ്റവും പുതിയ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ് ചേരുന്നു. അരുൺ എത്ര ശതമാനം വോട്ട് എണ്ണിക്കഴിഞ്ഞു......നിലവിലെ ലീഡ് എപ്രകാരമാണ് ?

(വോയ്സ്)

************************************

## കേരളം - തിരഞ്ഞെടുപ്പ് (4)

RNU TVPM

**തൃശൂരിൽ** എൻ ഡി എ സ്ഥാനാർത്ഥി സുരേഷ് ഗോപി 50,000-ത്തോളം വോട്ടുകളുടെ ലീഡിൽ മുന്നേറുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യുഡിഎഫിന്റെ ടി. എൻ പ്രതാപൻ 93633 വോട്ടുകളുടെ ഭൂരിപക്ഷം നേടിയിരുന്നു.

**ആലത്തൂരിൽ** എൽ ഡി എഫ് സ്ഥാനാർത്ഥിയും മന്ത്രിയുമായ കെ രാധാകൃഷ്ണൻ 15,000-ലധികം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019ൽ യുഡിഎഫിന്റെ രമ്യ ഹരിദാസ് 1,58,968 വോട്ടുകളുടെ ഭൂരിപക്ഷം നേടിയാണ് ജയിച്ചത്.

**പാലക്കാട്** യുഡിഎഫിന്റെ വി. കെ. ശ്രീകണ്ഠൻ 48,000 ത്തോളം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019ൽ യുഡിഎഫിന്റെ വി. കെ. ശ്രീകണ്ഠന് 11,637 വോട്ടിന്റെ ഭൂരിപക്ഷമാണ് ഉണ്ടായിരുന്നത്.

**************************************

## ഏറണാകുളം .. ഇൻട്രോ

എറണാകുളത്ത് ഹൈബി ഈഡൻ വ്യക്തമായ ലീഡ് നേടിക്കഴിഞ്ഞു. **ജില്ലയിലെ ഏറ്റവും പുതിയ വിവരങ്ങൾ പങ്കുവയ്ക്കുന്നു ആകാശവാണി ലേഖകൻ രാജ്മോഹൻ.**

**രാജ്മോഹൻ, മണ്ഡലത്തിലെ ലീഡ് എപ്രകാരമാണ്?**

(വോയ്സ്)

**************************************

## കേരളം - തിരഞ്ഞെടുപ്പ് (5)

**പൊന്നാനിയിൽ** മുസ്ലീംലീഗിന്റെ അബ്ദുൽ സമദ് സമദാനി . മുന്നേറുന്നു. 2019ൽ യുഡിഎഫിന്റെ ഇ. ടി മുഹമ്മദ് ബഷീറിന് 193273 വോട്ടുകളുടെ ഭൂരിപക്ഷം ഉണ്ടായിരുന്നു.

**മലപ്പുറത്ത്** ലീഗ് സ്ഥാനാർത്ഥി ഇ. ടി മുഹമ്മദ് ബഷീർ ലീഡ് ചെയ്യുന്നു. 2021 ലെ ഉപതിരഞ്ഞെടുപ്പിൽ മുസ്ലിം ലീഗിന്റെ അബ്ദുസ്സമദ് സമദാനി 114615 വോട്ടുകളുടെ ഭൂരിപക്ഷം നേടിയാണ് ജയിച്ചത്.

**കോഴിക്കോട്** യു ഡി എഫ് സ്ഥാനാർത്ഥി എം കെ രാഘവൻ മുന്നിലാണ്. 2019ൽ യുഡിഎഫിന്റെ എം കെ രാഘവൻ 85225 വോട്ടുകൾക്കാണ് സീറ്റ് നേടിയത്.

കടുത്ത പോരാട്ടം നടന്ന **വടകരയിൽ** യു ഡി എഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിൽ ലീഡ് മുന്നേറുന്നു. കെ മുരളിധരൻ 84663 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് 2019ൽ ഇവിടെ ജയിച്ചത്.

RNU TVPM

കണ്ണൂരിൽ യുഡിഎഫ് സ്ഥാനാർത്ഥിയും കെ പി സി സി അധ്യക്ഷനുമായ കെ സുധാകരൻ മുന്നേറുന്നു.

************************************

## കാസർഗോഡ് ... ഇൻട്രോ

എൽഡിഎഫ് യുഡിഎഫ് മുന്നണികൾ തമ്മിൽ ശക്തമായ പോരാട്ടമാണ് കാസർകോട് നടക്കുന്നത് . കന്നട വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിച്ച കാസർകോട് മണ്ഡലത്തിലെ ഏറ്റവും ഒടുവിലത്തെ വിവരങ്ങളുമായി ആകാശവാണി കാസർകോട് പ്രതിനിധി പി ജഗന്നിവാസൻ ചേരുന്നു. ജഗന്നിവാസൻ, അവിടുത്തെ പുതിയ ലീഡ് നില വിശദീകരിക്കാമോ?

(വോയ്സ്)

RNU TVPM

************************************

## മറ്റ് സംസ്ഥാനങ്ങൾ - തിരഞ്ഞെടുപ്പ്

### സംസ്ഥാനങ്ങളിലെ ലീഡ് നില

80 മണ്ഡലങ്ങളുള്ള ഉത്തർപ്രദേശിൽ 41 ഇടത്ത് എൻ.ഡി.എ യും 35 ഇടത്ത് ഐ.എൻ.ഡി.ഐ.എ യും ലീഡ് ചെയ്യുന്നു.

48 മണ്ഡലങ്ങളുള്ള മഹാരാഷ്ട്രയിൽ 29 ഇടത്ത് എൻ ഡി എ യും 19 ഇടത്ത് ഐ എൻ ഡി ഐ സഖ്യവും മുന്നേറുന്നു..

പശ്ചിമ ബംഗാളിലെ 42 മണ്ഡലങ്ങളിൽ 24 ഇടത്ത് തൃണമൂൽ കോൺഗ്രസും 16 ഇടത്ത് ബിജെപിയും 1 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു.

************************************

ബിഹാറിലെ 40 മണ്ഡലങ്ങളിൽ 31 ഇടത്ത് എൻ ഡി എ യും 4 ഇടത്ത് ആർ ജെ ഡി യും 2 ഇടത്ത് സി പി ഐ എം എൽ(എൽ) ഉം ഒരിടത്ത് സി പി ഐ -യും ലീഡ് ചെയ്യുന്നു. എൽജെപി രാംവിലാസ് വിഭാഗം നേതാവ് ചിരാഗ് പാസ്വാൻ ലീഡ് ചെയ്യുന്നു. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും ഡിഎംകെ സഖ്യം മുന്നേറുന്നു. കേന്ദ്രമന്ത്രി എൽ. മുരുഗൻ, മുൻ തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദർരാജൻ എന്നിവർ പിന്നിലാണ് മധ്യപ്രദേശിലെ 29 മണ്ഡലങ്ങളിലും ബിജെപി മുന്നിലാണ്.

കർണാടകയിലെ 28 മണ്ഡലങ്ങളിൽ 17 ഇടത്ത് ബിജെപിയും 11 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. ഗുജറാത്തിലെ 26 മണ്ഡലങ്ങളിൽ 21 ഇടത്ത് ബിജെപിയും 5 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. രാജസ്ഥാനിലെ 25 മണ്ഡലങ്ങളിൽ 13 ഇടത്ത് ബിജെപിയും 11 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു.

RNU TVPM

ഒഡിഷയിലെ 21 മണ്ഡലങ്ങളിൽ 14 ഇടത്ത് ബിജെപിയും 3 ഇടത്ത് ബിജെഡിയും 2 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. ആന്ധ്രപ്രദേശിലെ 25 മണ്ഡലങ്ങളിൽ 4 ഇടത്ത് വൈ എസ് ആർ കോൺഗ്രസും 21 ഇടത്ത് ടിഡിപി- ബി ജെ പി സഖ്യം ലീഡ് ചെയ്യുന്നു.തെലങ്കാനയിലെ 17 മണ്ഡലങ്ങളിൽ 9 ഇടത്ത് ബിജെപിയും 6 ഇടത്ത് കോൺഗ്രസും ഒരിടത്ത് ബിആർഎസും ലീഡ് ചെയ്യുന്നു.

14 മണ്ഡലങ്ങളുള്ള ഝാർഖണ്ഡിൽ 7 ഇടത്ത് ബിജെപിയും 4 ഇടത്ത് കോൺഗ്രസും 2 ഇടത്ത് ഝാർഖണ്ഡ് മുക്തി മോർച്ചയും ഒരിടത്ത് മറ്റുള്ളവരും ലീഡ് ചെയ്യുന്നു. പഞ്ചാബിലെ 13 മണ്ഡലങ്ങളിൽ 6 ഇടത്ത് കോൺഗ്രസും 3 ഇടത്ത് ആം ആദ്മിയും 2 ഇടത്ത് ശിരോമണി അകാലിദളും ലീഡ് ചെയ്യുന്നു.

ഛത്തിസ്ഗഢിലെ 11 മണ്ഡലങ്ങളിൽ 9 ഇടത്ത് ബിജെപിയും 2 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു.

ഹരിയാനയിലെ 10 മണ്ഡലങ്ങളിൽ 4 ഇടത്ത് ബിജെപിയും 5 ഇടത്ത് കോൺഗ്രസ്സും ഒരിടത്ത് ആം ആദ്മിയും ലീഡ് ചെയ്യുന്നു. അസമിലെ 14 മണ്ഡലങ്ങളിൽ 8 ഇടത്ത് ബിജെപിയും 4 ഇടത്ത് കോൺഗ്രസും 2 ഇടത്ത് മറ്റുള്ളവരും ലീഡ് ചെയ്യുന്നു. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുന്നിലാണ്. അരുണാചൽ പ്രദേശിലെ 2 മണ്ഡലങ്ങളിലും ബിജെപിയും ലീഡ് ചെയ്യുന്നു. കേന്ദ്രമന്ത്രി കിരൺ റിജിജു അരുണാചൽ വെസ്റ്റ് മണ്ഡലത്തിൽ മുന്നിലാണ്.

മണിപ്പൂരിലെ 2 മണ്ഡലങ്ങളിൽ ഒരിടത്ത് കോൺഗ്രസും ഒരിടത്ത് നാഗ പീപ്പിൾസ് ഫ്രണ്ടും ലീഡ് ചെയ്യുന്നു. ഉത്തരാഖണ്ഡിൽ 5 മണ്ഡലങ്ങളിലും ബിജെപി ലീഡ് ചെയ്യുന്നു. ഹിമാചൽ പ്രദേശിലെ 4 മണ്ഡലങ്ങളിൽ നാലിടത്തും ബി ജെ പി ലീഡ് ചെയ്യുന്നു.

PNU/PM

2 മണ്ഡലങ്ങളുള്ള ഗോവയിൽ ഒരിടത്ത് ബിജെപിയും ഒരിടത്ത് കോൺഗ്രസ്സും ലീഡ് ചെയ്യുന്നു. മേഘാലയിലെ 2 മണ്ഡലങ്ങളിൽ ഒരിടത്ത് കോൺഗ്രസും ഒരിടത്ത് മറ്റുള്ളവരും ലീഡ് ചെയ്യുന്നു. ത്രിപുരയിലെ 2 മണ്ഡലങ്ങളിൽ രണ്ടിടത്തും ബിജെപി ലീഡ് ചെയ്യുന്നു.
മിസോറാമിലെ ഒരു സീറ്റിൽ മിസോ നാഷണൽ ഫ്രണ്ട് ലീഡ് ചെയ്യുന്നു. നാഗാലാൻഡിലെ ഒരു സീറ്റിൽ കോൺഗ്രസ് ലീഡ് ചെയ്യുന്നു. സിക്കിമിലെ ഒരു മണ്ഡലത്തിൽ സിക്കിം ക്രാന്തികാരി മോർച്ച ലീഡ് ചെയ്യുന്നു.

*****************************************

**<u>കേന്ദ്രഭരണ പ്രദേശങ്ങളിലെ ലീഡ് നില</u>**

ഡൽഹിയിലെ 7 സീറ്റുകളിലും ബിജെപി ലീഡ് ചെയ്യുന്നു. മുൻ കേന്ദ്രമന്ത്രി സുഷമ സ്വരാജിന്റെ മകൾ ബൻസുരി സ്വരാജ് ,മനോജ് തിവാരി എന്നിവർ ലീഡ് ചെയ്യുന്നു. കോൺഗ്രസിന്റെ കനയ്യ കുമാർ പിന്നിലാണ്.

ജമ്മു കശ്മീരിലെ 5 മണ്ഡലങ്ങളിൽ 2 ഇടത്ത് ബിജെപിയും 2 ഇടത്ത് ജമ്മുകശ്മീർ നാഷണൽ കോൺഫെറൻസ് പാർട്ടിയും ഒരിടത്ത് സ്വതന്ത്രനും ലീഡ് ചെയ്യുന്നു. ലഡാക്കിൽ സ്വതന്ത്ര സ്ഥാനാർത്ഥിയും പുതുച്ചേരിയിൽ കോൺഗ്രസും മുന്നിലാണ്.

**ആൻഡമാൻ നിക്കോബാർ** ദ്വീപിലെ ഒരു സീറ്റിൽ ബി ജെ പി യും **ചണ്ഡിഗഢിലെ** ഒരു സീറ്റിൽ കോൺഗ്രസും ലീഡ് ചെയ്യുന്നു. **ലക്ഷദ്വീപിലെ** ഒരു സീറ്റിൽ കോൺഗ്രസ് ലീഡ് ചെയ്യുന്നു. **ദാദ്ര നാഗർഹവേലി**യിലെ രണ്ടു മണ്ഡലങ്ങളിൽ ഒരിടത്ത് ബിജെപിയും ഒരിടത്ത് മറ്റുള്ളവരും മുന്നേറുന്നു.

RNU TVPM

**************************************

## ആന്ധ്ര - ഒഡീഷ

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രാപ്രദേശിൽ എൻ ഡി എ ക്ക് വ്യക്തമായ ഭൂരിപക്ഷം. ആന്ധ്രാപ്രദേശിലെ 175 സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ എൻ ഡി എ ഘടകകക്ഷിയായ ടി ഡി പി 126 സീറ്റുകളിൽ ലീഡ് ചെയ്യുകയാണ്. 147 നിയമസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് നടന്ന ഒഡീഷയിൽ ബി ജെ പിക്ക് 73 സീറ്റുകളിൽ വ്യക്തമായ ലീഡ് ഉണ്ട്. ബി ജെ ഡി 50 ഇടത്തും, കോൺഗ്രസ് 12 ഇടത്തും, ലീഡ് ചെയ്യുന്നു.

**************************************

## ബിആർപി ഭാസ്കർ അന്തരിച്ചു

മുതിർന്ന മാദ്ധ്യമപ്രവർത്തകൻ ബിആർപി ഭാസ്കർ അന്തരിച്ചു. 92 വയസായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. സംഭവബഹുലമായ പത്രപ്രവർത്തന ജീവിതത്തിൽ, ധീരമായ നിലപാടുകൾ കൊണ്ടും സവിശേഷതയാർന്ന വാർത്താ രചനകൊണ്ടും മുദ്ര പതിപ്പിച്ച പത്രപ്രവർത്തകനാണ് ബി.ആർ.പി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട ബാബു രാജേന്ദ്രപ്രസാദ് ഭാസ്കർ.

RNU TVPM